കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് - റവന്യൂ വകുപ്പിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം.**479**/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:18.2.2015.

പരാമർശം :
1. പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 306.2014 തീയതിയിലെ 1 (1) -ാം നമ്പർ തീരുമാനം.
2. പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4.8.2014 തീയതിയിലെ ബി3-3707/13 നമ്പർ കത്ത്.
3. 4.10.2014 തീയതിയിലെ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ജി1-7497/14 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് വക പുതുപ്പള്ളി ബ്ലോക്ക് 37, റീസർവ്വെ . 194/7, 194/8-ൽപ്പെട്ട 31 ആർ 13 ച. മീറ്റർ സ്ഥലത്ത് നിന്ന് 12 ആർ സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന് വിട്ടു നൽകുന്നതിന് ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം തീരുമാനിച്ച് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുമതിക്കായി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ മിനിസിവിൽ സ്റ്റേഷൻ സാക്ഷാത്കരിക്കുന്നതിന് വേണ്ടി കോട്ടയം ജില്ലാ കളക്ടറെ സമീപിക്കുന്നതിനും, റവന്യൂ വകുപ്പിന്റെ അംഗീകാരം നേടുന്നതിനും ആവശ്യമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി

....2/-

കൈക്കൊള്ളേണ്ടതാണ് എന്ന വ്യവസ്ഥയിന്മേൽ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെട്ട പുതുപ്പള്ളി വില്ലേജ്, ബ്ലോക്ക് 37 റീസർവ്വേ 194/7, 194/8 നമ്പറുകളിൽ 31.13 ആർ 13 ച.മീ. സ്ഥലത്തുനിന്നും 12 ആർ സ്ഥലം റവന്യൂ വകുപ്പിന് വിട്ടുനൽകുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
സെക്രട്ടറി, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്, പുതുപ്പള്ളി പി.ഒ., കോട്ടയം - 686013
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള,തിരുവനന്തപുരം
നിയമ വകുപ്പ്
റവന്യൂ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ